സിവിൽ സപ്ലൈസ് കോർപ്പറേഷൻ സിവിൽ സപ്ലൈസ് വകുപ്പുമായി ലയിപ്പിക്കുന്നതിന് നിർദ്ദേശം

55 [366] *ശ്രീ എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനെ സിവിൽ സപ്ലൈസ് വകുപ്പുമായി ലയിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഇല്ല.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും വിവിധ തസ്തികകളിലായി നിലവിൽ 1175 പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്.

ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉപഭോഗത്തെക്കുറിച്ച് പരിശോധന

56 [367] *ശ്രീ. മഞ്ഞളാംകുഴി അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷത്തെ ഭക്ഷ്യഉപഭോഗത്തെയും അതിൽ റേഷൻ കടകൾവഴിയും മറ്റു സർക്കാർ വിതരണ കേന്ദ്രങ്ങൾവഴിയും നൽകുന്ന ഭക്ഷ്യഉൽപന്നങ്ങളുടെ ഉപഭോഗത്തെയും കുറിച്ച് ഒരു പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന വസ്തുക്കളുടെ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റേഷൻ കടകൾവഴി കഴിഞ്ഞ 3 വർഷം വിതരണം ചെയ്ത സാധനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ,

(ഡി) സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ മൊത്ത വ്യാപാര കേന്ദ്രങ്ങളിൽ വെച്ചുതന്നെ മറിച്ചുവിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യതയെ സംബന്ധിച്ചും, വിതരണത്തെ സംബന്ധിച്ചും, ആഴ്ചതോറും മാസംതോറും, വർഷംതോറും അവലോകനം ചെയ്യുന്നുണ്ട്.

(ബി) റേഷൻകടകൾവഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്തുവരുന്നു. കൂടാതെ തെരഞ്ഞെടുത്ത റേഷൻ കടകൾവഴി ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നുണ്ട്.

(സി) റേഷൻകടകൾവഴി കഴിഞ്ഞ മൂന്നു വർഷം വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുക്കൾ	*(അളവ് മെട്രിക്ടൺ)*		
അരി	2002	2003	2004
എ.പി.എൽ.	8077.08	3691.18	48862.77
ബി.പി.എൽ.	313236.51	395201.16	381226.45
എ.എ.വൈ.	98124.88	104010.91	147866.52
അന്നപൂർണ്ണ	3972.94	4676.10	4675.90
ഗോതമ്പ് (എ.പി.എൽ.)	139665.75	149547.90	133450.05
പഞ്ചസാര	22471.95	5203.09	21588.00
മണ്ണെണ്ണ (കി.ലി.)	314658.00	292481.00	276012.00
ഗോതമ്പ് (ബി.പി.എൽ.)	..	..	120039.55

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ മൊത്ത വ്യാപാര കേന്ദ്രങ്ങളിൽ വച്ചുതന്നെ മറിച്ചുവിറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2002 മേയ്, ജൂൺ മാസങ്ങളിൽ കോട്ടയം, ഇടുക്കി ജില്ലകളിൽ വിതരണം നടത്തേണ്ട 2000 മെട്രിക്ടൺ ഗോതമ്പ് മൊത്ത വ്യാപാരികൾ മറിച്ചു വിറ്റതായി ശ്രദ്ധയിൽപെടുകയും തുടർന്ന് ഉത്തരവാദികളായ വ്യാപാരികൾക്കെതിരെയും ഉദ്യോഗസ്ഥന്മാർക്ക് എതിരെയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശേഖരിച്ച നെല്ല്

57 [368] *ശ്രീ. ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ആർ. ബാലകൃഷ്ണപിള്ള:*
,, *ഷിബു ബേബിജോൺ*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്ത് ഇതുവരെ എത്ര ക്വിന്റൽ നെല്ല് ശേഖരിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) എന്ത് വിലയ്ക്കാണ് നെല്ല് സംഭരിച്ചത്;

(ഡി) ഗവൺമെന്റ് നിർദ്ദേശപ്രകാരം സംഭരണ സമാഹരണങ്ങൾ സംഭരിച്ച നെല്ല് ഏറ്റെടുക്കാത്തതുമൂലം കൃഷിക്കാർക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കി എഫ്.സി.ഐ.-ക്ക് നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എഫ്.സി.ഐ.-ക്ക് എത്ര ക്വിന്റൽ അരി ഇതിനോടകം നൽകി കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്ത് 30-6-2005 വരെ 1,18,884 ക്വിന്റൽ നെല്ല് ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly